(സി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനാവശ്യമായ ഭരണാനുമതി ലഭ്യമായതിന് ശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) 2014-15 സാമ്പത്തിക ബഡ്ജറ്റിൽ പഴയന്നൂർ-എളനാട് റോഡിന്റെ പുനഃരുദ്ധാരണത്തിനായി 5 കോടി രൂപയുള്ള പ്രൂപാർശയും തൃശ്ശൂർ-ഷൊർണ്ണൂർ റോഡിലെ 24/200 കിലോമീറ്ററിലെ വാഴക്കോട് വളവിലെ അപകട നിവാരണത്തിനായുള്ള പ്രവർത്തിയ്ക്കായി 2.72 കോടി രൂപയുള്ള പ്രൂപാർശയും ഉൾപ്പെടുത്തുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

നെന്മാറ മണ്ഡലത്തിലെ പയ്യാങ്കോട് - വീട്ടിക്കൽക്കടവ് റോഡ്

233 (4865) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പയ്യാങ്കോട് - വീട്ടിക്കൽക്കടവ് റോഡിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവർത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ പയ്യാങ്കോട് വീട്ടിക്കൽക്കടവ് റോഡിന് 8-10-2014-ലെ സ.ഉ.(സാധാ) നമ്പർ 1396/2014/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് പൂർത്തീകരിച്ച ശേഷം ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

വഴുവാടി പാലം നിർമ്മാണത്തിനു നടപടി

234 (4866) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വഴുവാടി പാലം നിർമ്മാണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ; നിലവിലെ ഇതിന്റെ സ്ഥിതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാവേലിക്കര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇതിനാവശ്യമായ നടപടി ക്രമങ്ങൾ ആരംഭിക്കുമോ ; ഇതിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിക്കുമോ ;

(സി) മാവേലിക്കര എറുമക്കുഴി-ഇടപ്പോൺ റോഡ് ബുദ്ധ ജംഗ്ഷൻ -കറ്റാനം റോഡ് എന്നിവ ബി.എം./ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ; ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 14-8-2009-ലെ സ.ഉ. (സാധാ) നമ്പർ1044/2009/പൊ.മ.വ. പ്രകാരം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാലം പണിയ്ക്കാനാവശ്യമായ ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

നാട്ടിക മണ്ഡലത്തിലെ അഴിമാവ് കടവ് പാലം

235 (4867) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ അഴിമാവ് കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രവൃത്തി നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ-സി) 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1044/2009/പൊ.മ.വ പ്രകാരം അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly